യോഹ. 5:19-29

**2024 മെയ് 05**

## വചനസന്ദേശം

**ഫാ. അലൻ കാളിയങ്കര**

# ദൈവപുത്രന്റെ അധികാരം

**മിശിഹായിൽ** ഏറെ സ്നേഹിക്കപ്പെടുന്നവരെ ഇന്നത്തെ സുവിശേഷത്തിൽ നാം കാണുക ഈശോ തന്റെ അധികാരം എന്തെന്ന് ഈ ലോകത്തിന് പറഞ്ഞു നൽകുന്നതാണ് അല്ലെങ്കിൽ എവിടെ നിന്നാണ് തനിക്ക് ഈ അധികാരം ലഭിച്ചതെന്ന് ഈശോ ഈ ലോകത്തിന് വെളിപ്പെടുത്തുകയാണ്. അഞ്ചാം അധ്യായത്തിന്റെ ആദ്യ വചനങ്ങളിൽ നാം ഒരു തളർവാതരോഗിയെ കണ്ടുമുട്ടുന്നുണ്ട്. 38 വർഷമായി രോഗിയായിരുന്ന ഒരുവൻ. എന്നാൽ അവൻ കിടക്കുന്ന ബെത്സെയ്ഥ കുളക്കരയിൽ അനേകം വ്യക്തികൾ, പലവിധ രോഗങ്ങൾ ബാധിക്കപ്പെട്ടവർ ഉണ്ടായിരുന്നു. അവരെല്ലാവരും കുളത്തിൽ മാലാഖ ജലം ഇളക്കുമ്പോൾ, അതിൽ ഇറങ്ങി സൗഖ്യം നേടിയവരായിരുന്നു. എന്നാൽ ഈ രോഗിയാകട്ടെ തന്നെ ആ കുളത്തിലേക്ക് ഇറക്കുവാനായിട്ട് ആരും ഇല്ല എന്ന് യേശുവിനോട് പരാതി പറയുന്ന ഒരുവൻ. ഈ അത്ഭുതത്തിന് ശേഷമാണ്, ഇന്നത്തെ സുവിശേഷഭാഗം. ഈ രോഗിയെ ദൈവം സുഖപ്പെടുത്തിയതിനു ശേഷം, പിന്നീട് അവൻ ദൈവത്തെ കാണുമ്പോൾ ക്രിസ്തുവിനെ കാണുമ്പോൾ അവൻ തിരിച്ചറിയുകയാണ് യേശുവാണ് തന്നെ സുഖപ്പെടുത്തിയത് എന്ന്. അവനിത് യഹൂദ പ്രമാണികളെ അറിയിക്കുകയാണ്. പിന്നീട് നാം കാണുക യഹൂദർ യേശുവിനെ കുറ്റം വിധിക്കുകയും അവന്റെ പ്രവർത്തികളുടെ ഉറവിടം അന്വേഷിക്കുകയും ചെയ്യുന്നു. യോഹന്നാന്റെ സുവിശേഷം അഞ്ചാം അധ്യായം പതിനേഴാം വാക്യത്തിൽ യേശു യഹൂദരോട് ഇപ്രകാരം പറയുന്നു: എന്റെ പിതാവ് എപ്പോഴും പ്രവർത്തനം നിരതനാണ്, ഞാനും പ്രവർത്തിക്കുന്നു. പിന്നീട് നാം കാണുന്നത് അവർ യേശുവിനെ കുറ്റം വിധിക്കുന്നതാണ്. അവസാനം അവർ ഇപ്രകാരം പറയുന്നു, ഇവൻ സാബത്ത് ലംഘിക്കുക മാത്രമല്ല ചെയ്തത്, ഇവൻ തന്നെ ദൈവതുല്യനാക്കിക്കൊണ്ട് ദൈവത്തെ പിതാവ് എന്ന് വിളിച്ചിരുന്നു.

കുളക്കരയിലെ രോഗശാന്തി സാബത്തിന്റെ ലംഘനമാണ് എന്ന് പറഞ്ഞ് വാദപ്രതിവാദം നടത്തുന്ന യഹൂദരോട് തന്റെ ദൈവപുത്രത്വം സധൈര്യം ഏറ്റുപറയുന്ന യേശുവിനെ നാം സുവിശേഷത്തിൽ കണ്ടുമുട്ടുന്നു. ദൈവത്തെ പിതാവ് എന്ന് വിളിക്കുന്നതു വഴി താൻ ദൈവപുത്രനാണെന്നുള്ള യേശുവിന്റെ പ്രഖ്യാപനം യഹൂദാധികാരികളെ പ്രകോപിപ്പിക്കുകയും അത് യേശുവിനെ കുരിശുമരണത്തിലേക്ക് നയിക്കുകയും ചെയ്തു. എതിർപ്പുകളെയെല്ലാം അവഗണിച്ച് തന്റെ ദൈവപുത്രസ്ഥാനം പ്രഖ്യാപിക്കുന്ന യേശുവിന്റെ ഈ മാതൃക ആദിമ ക്രിസ്ത്യാനികൾക്ക് അവിടുത്തെ ദൈവമായി ഏറ്റുപറയുവാൻ പ്രേരകമായി. ഞങ്ങളുടെ ജീവിതത്തിൽ എന്തെല്ലാം സംഭവിച്ചാലും ഞങ്ങൾ ഞങ്ങളുടെ പിതാവായ ദൈവത്തിലും പുത്രനായ ദൈവത്തിലും പരിശുദ്ധാത്മാവായ ദൈവത്തിലും പൂർണ്ണമായി ഉറച്ചു വിശ്വസിക്കുമെന്ന് സധൈര്യം ഏറ്റു പറയുവാൻ ആദിമ ക്രൈസ്തവർക്ക് ക്രിസ്തുവിന്റെ ഈ വെളിപ്പെടുത്തൽ ഒരു ധൈര്യം നൽകി. പിതാവ് പുത്രനിൽനിന്ന് വരുന്നു എന്നും സകല കാര്യങ്ങളും പിതാവ് അവനെ ഏൽപ്പിച്ചു എന്നും നമ്മോട് പറയുന്നു. അതിൽ വിശ്വസിച്ചു മുന്നോട്ടുപോകുവാനായിട്ട് ക്രിസ്തു നമ്മെ വിളിക്കുകയാണ്. പ്രവർത്തിയിലും സ്നേഹത്തിലും ആദരത്തിലും പിതാവായ ദൈവവും പുത്രനായ ദൈവവും തമ്മിലുള്ള തുല്യതയും ഐക്യവും യേശു വ്യക്തമാക്കുകയാണ്. സുവിശേഷഭാഗത്ത് പുത്രൻ എന്ന പദം പത്തു പ്രാവശ്യവും പിതാവ് എന്നത് ഏഴു പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്നു. ഇത് പിതാവും പുത്രനും തമ്മിലുള്ള ആഴത്തിലുള്ള സ്നേഹബന്ധത്തിന്റെ സൂചനയാണ്. സുവിശേഷം നമ്മോടു പറയുക വിശ്വാസികളുടെ കേന്ദ്രബിന്ദു എന്നു പറയുന്നത് എപ്പോഴും യേശു ആയിരിക്കണം എന്നതാണ്. യഹൂദർ യേശുവിനെ കുരിശുമരണത്തിന് ഏൽപ്പിച്ചു കൊടുക്കുവാൻ ഒരു കാരണം പിതാവായ ദൈവത്തെ അവൻ 'എന്റെ പിതാവേ' എന്ന് വിളിക്കുന്നതാണ്. കാരണം യേശുവിന്റെ വിചാരണവേളയിൽ അവർ പറയുന്ന ഒരു കാരണം ഇവൻ തന്നെത്തന്നെ ദൈവമാക്കി എന്നതാണ്. ആദിമ ക്രൈസ്തവരുടെ ജീവിതത്തിൽ വിശ്വാസത്തിനെതിരായ പ്രതിസന്ധികളും പ്രലോഭനങ്ങളും ഉണ്ടായപ്പോൾ അവർ ക്രിസ്തുവിനെ സധൈര്യം പ്രഘോഷിച്ചു, ക്രിസ്തുവാണ് ഞങ്ങളുടെ രക്ഷകൻ എന്ന് ഏറ്റു പറഞ്ഞു. മറ്റുള്ളവർ തന്നെ പഴിചാരിയപ്പോഴും പരിഹസിച്ചപ്പോഴും പിതാവായ ദൈവത്തോട് ഗാഢമായ ആത്മബന്ധം പുലർത്തിയ പുത്രനായ ദൈവമാണ് നമ്മുടെ ഓരോരുത്തരുടെയും മാതൃക.

നാം അവനെ എത്ര തള്ളിപ്പറഞ്ഞാലും, അവഗണിച്ചാലും, നിന്ദിച്ചാലുംഅവൻ എന്നും നമ്മെ പിതാവായ ദൈവത്തോട് ചേർത്തുപിടിക്കും എന്നുള്ളത് ഉറപ്പ്. കാരണം പിതാവ് പുത്രനെ എപ്രകാരം സ്നേഹിച്ചുവോ അപ്രകാരം പുത്രൻ ഈ ലോകത്തെ സ്നേഹിക്കുന്നുണ്ട്. ഇന്നത്തെ സുവിശേഷം നമുക്കും ഒരു പ്രചോദനമായിരിക്കട്ടെ. ജീവിതത്തിലുണ്ടാകുന്ന ഏത് പ്രശ്നങ്ങളിലും പ്രതിസന്ധികളിലും അടിപതറാതെ യേശുവാണ് എന്റെ നാഥൻ എന്റെ രക്ഷകൻ എന്ന് സധൈര്യം പ്രഘോഷിക്കുവാൻ ഒരു കൃപയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ദൈവം ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എ